മലയാള മനോരമ
ESTABLISHED 1888
05 January 2018

# കാലാവസ്ഥ മുന്നറിയിപ്പു സംവിധാനം ചർച്ച ചെയ്യാൻ സഫാരി സമ്മേളനം

**മൂന്നു ദിവസത്തെ പരിശീലന പരിപാടി 12ന് ആരംഭിക്കും**

**സഫാരി സമ്മേളനം മൽസ്യ മേഖലയുടെ വികസനത്തിന് ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്**

കൊച്ചി ● കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണകേന്ദ്രത്തിൽ15ന്ആരംഭിക്കുന്ന രാജ്യാന്തര സഫാരി സമ്മേളനം ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം ഫലപ്രദമാക്കുന്നതിനെക്കുറിച്ചു ചർച്ച ചെയ്യും. മൽസ്യത്തൊഴിലാളികളുടെയും കാലാവസ്ഥ പ്രവചനവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരുടെയും സംയുക്ത സംഗമത്തിലാണു ചർച്ച നടക്കുക.

മൽസ്യത്തൊഴിലാളികൾ, കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പിലെ വിദഗ്ധർ, ഹൈദരാബാദിലെ ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് (ഇൻകോയിസ്) ശാസ്ത്രജ്ഞർ എന്നിവർ പങ്കെടുക്കും. കാലാവസ്ഥ പ്രവചനം, കടൽ പ്രതിഭാസങ്ങളെ കുറിച്ചുള്ള മുന്നറിയിപ്പുകൾ എന്നിവ ഫലപ്രദമായി മൽസ്യത്തൊഴിലാളികളിലേക്ക് എത്തുന്നതിനുള്ള മാർഗങ്ങൾ അവലോകനം ചെയ്യും.

മൊബൈൽ ആപ്, ഓൺലൈൻ മുന്നറിയിപ്പ് സംവിധാനങ്ങൾ എന്നിങ്ങനെ നിലവിലുള്ള എല്ലാവിധ സേവനങ്ങളെക്കുറിച്ചും മൽസ്യത്തൊഴിലാളികളെ ബോധ്യപ്പെടുത്തും.

ശാസ്ത്ര സമൂഹവും മൽസ്യത്തൊഴിലാളികളും ഒന്നിച്ചിരുന്നു ചർച്ച ചെയ്യുന്നതിലൂടെ ചുഴലിക്കാറ്റു പോലുള്ള മുന്നറിയിപ്പ് സംവിധാനം ശരിയായ രീതിയിൽ മൽസ്യത്തൊഴിലാളികളിലേക്ക് എത്തുന്നതിനുള്ള സംവിധാനം ഫലപ്രദമാക്കാനാകുമെന്നു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. മീൻപിടിത്ത മേഖല, നാവിക സഞ്ചാര പാത തുടങ്ങിയവ കൃത്യമായി നിജപ്പെടുത്തുന്ന സ്പേഷ്യൽ മാപ്പിങ് പഠനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചു യോഗത്തിൽ തീരുമാനമാകും.

സഫാരി സമ്മേളനത്തിന്റെ ഭാഗമായി 16നു നടക്കുന്ന പ്രത്യേക സംഗമം മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യും. മൽസ്യ മേഖലയുടെ വികസനത്തിന് ഉപഗ്രഹങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടാണ് സിഎംഎഫ്ആർഐ രാജ്യാന്തര സഫാരി സമ്മേളനം നടത്തുന്നത്.

സമ്മേളനത്തിനു മുന്നോടിയായി നടക്കുന്ന മൂന്നു ദിവസത്തെ പരിശീലന പരിപാടി 12ന് ആരംഭിക്കും.